**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1024** **02-02-2026 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര നിയോജകമണ്ഡലത്തിലെ കാട്ടുപന്നി ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ, താമരക്കുളം, നൂറനാട് എന്നീ പഞ്ചായത്തുകളിൽ കാട്ടുപന്നി ശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധിയിൽ നിന്നും കർഷകരെ രക്ഷിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കാട്ടു പന്നികളുടെ ശല്യം നിയന്ത്രിക്കുന്നതിലേക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം സ.ഉ.(കൈ) നം. 4/2024/DMD തീയതി 07/03/2024 പ്രകാരം "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്. സംസ്ഥാന സവിശേഷ ദുരന്തമാകയാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്.സംസ്ഥാനത്തെ കാട്ടുപന്നി ആക്രമണങ്ങളും നാശനഷ്ടം ഉണ്ടാക്കലും തടയുക ലക്ഷ്യമിട്ട് "Mission Wild Pig" എന്ന കർമ്മ പദ്ധതിയ്ക്ക് രൂപം നൽകി വിവിധ പ്രവർത്തികൾ സംസ്ഥാനത്തിലുടനീളം ചെയ്തു വരുന്നു.<br>മനുഷ്യ-വന്യജീവി സംഘർഷം മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരവും വിതരണരീതികളും സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്.<br><br>കാടിനു പുറത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷനും സെക്രട്ടറിക്കും അധികാരം നൽകിയിട്ടുണ്ട്. ടി അധികാരം വിനിയോഗിച്ച് 2025 ഡിസംബർ വരെ നൂറനാട് പഞ്ചായത്തിൽ ഏഴും, പാലമേൽ പഞ്ചായത്തിൽ 32 ഉം താമരക്കുളം പഞ്ചായത്തിൽ 17 ഉം കാട്ടു പന്നികളെ കൊന്ന് ഇല്ലായ്മ ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | കാട്ടു പന്നികൾക്ക് സുരക്ഷിത താവളമായി മാറുന്ന ജനവാസമേഖലകളിലെ കാടുപിടിച്ചു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങളും പുറമ്പോക്കുകളും അടിക്കാടുകൾ വെട്ടിത്തെളിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലെ അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ് പഞ്ചായത്തുകൾക്ക് നൽകുന്നുണ്ട്.<br><br>പഞ്ചായത്തുകൾ എം-പാനൽ ചെയ്തിട്ടുള്ള ഷൂട്ടേഴ്സിന് വകുപ്പിന്റെ സാങ്കേതിക സഹായം ലഭ്യമാക്കുന്നതും ഇപ്രകാരമുള്ള അംഗീകൃത ഷൂട്ടർമാരുടെ ലിസ്റ്റ് പരിഷ്കരിച്ച് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.<br><br>മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500/- രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവ് 2000/- രൂപയായും വർദ്ധിപ്പിച്ച് ആയത് പഞ്ചായത്തുകളുടെ SDRF ഫണ്ടിൽ നിന്നും വിനിയോഗിക്കുവാൻ അനുമതി നൽകിക്കൊണ്ട് 06/03/2025-ലെ സ.ഉ.(സാധാ) നം. 108/2025/DMD തീയതി പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ